01 ആഗസ്റ്റ് 2019

കുടുംബശ്രീ
# പ്രതിധ്വനി

KUDUMBASHREE
www.kudumbashree.org

കേരള സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ

ലക്കം : 37

## തീരദേശമേഖലയിലെ ദരിദ്ര വിഭാഗത്തിന്റെ ക്ഷേമത്തിന്
# 'തീരശ്രീ' പദ്ധതിക്ക് തുടക്കം






സംസ്ഥാനത്തെ 82 തീരദേശ പഞ്ചായത്തുകളിലെ തീരദേശ വാർഡുകളിൽ കുടുംബശ്രീ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തി ഈ മേഖലയിൽ സ്ത്രീകളുടെയും കുട്ടികളുടെയും പൊതു ജീവിത നിലവാരം ഉയർത്തുന്നതിനും ഉപജീവന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതും ലക്ഷ്യമിട്ടുള്ള കുടുംബശ്രീയുടെ തീരശ്രീ പദ്ധതിക്ക് ഔദ്യോഗിക തുടക്കം. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി മൊയ്തീൻ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തൃശൂർ കൈപ്പമംഗലം ഗ്രാൻഡ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ നിർവ്വഹിച്ചു. തീരദേശ മേഖലയിൽ കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ സമഗ്രമായ വ്യാപനവും നവീകരണവും ലക്ഷ്യമിട്ടുകൊണ്ട് സാമൂഹ്യവികസനത്തിലൂന്നിയ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചാണ് പദ്ധതി നടപ്പാക്കുക.

കുടുംബശ്രീ അയൽക്കൂട്ടത്തിൽ ഇനിയും അംഗമാകാത്ത കുടുംബങ്ങളെ അയൽക്കൂട്ട സംവിധാനത്തിൽ ഉൾപ്പെടുത്തുക, പ്രവർത്തനരഹിതമായ അയൽക്കൂട്ടങ്ങളെ പുനരുജ്ജീവിപ്പിക്കുക, ഒരു കുടുംബത്തിൽ നിന്നും ഒരാൾക്കെങ്കിലും വരുമാനദായക മാർഗം നൽകി കുടുംബത്തിന്റെ വരുമാനം വർധിപ്പിക്കുക, ബാങ്ക് ലിങ്കേജിന് അർഹതയുള്ള എല്ലാ അയൽക്കൂട്ടങ്ങളെയും ഗ്രേഡ് ചെയ്ത് ലിങ്കേജ് വായ്പ ലഭ്യമാക്കുക, തീരദേശത്തെ ദരിദ്രരായ യുവതീയുവാക്കൾക്ക് കുടുംബശ്രീ മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ഡി.ഡി.യു.ജി.കെ.വൈ മുഖേന തൊഴിൽ വൈദഗ്ധ്യ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുക എന്നിവയാണ് 'തീരശ്രീ' പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ.

ജോലിയിലുള്ള അനിശ്ചിതാവസ്ഥ, ക്രമമായ വരുമാനം ലഭിക്കാത്ത സാഹചര്യം, വിദ്യാഭ്യാസ പിന്നാക്കാവസ്ഥ, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, സ്ത്രീകളിലും കുട്ടികളിലും കണ്ടുവരുന്ന ആരോഗ്യ പ്രശ്നങ്ങൾ, കുടിവെള്ള ലഭ്യതക്കുറവ്, മത്സ്യബന്ധനവും മറ്റ് അനുബന്ധ പ്രവർത്തനങ്ങളുമൊഴിച്ച് മറ്റ് ഉപജീവന പ്രവർത്തനങ്ങളുടെ അഭാവം എന്നിവയാണ് തീരദേശവാസികൾ അനുഭവിക്കുന്ന പ്രധാന പ്രശ്നങ്ങൾ. സ്ത്രീകളും കുട്ടികളുമാണ് ഇതിന്റെ ദുരിതങ്ങൾ ഏറെയും സഹിക്കേണ്ടി വരുന്നത്. ഇതുകൂടാതെ ഈ മേഖലയിലെ ജനവിഭാഗങ്ങൾക്കിടയിൽ വർദ്ധിച്ചു വരുന്ന കടബാധ്യത, വിദ്യാഭ്യാസത്തിന്റെയും തൊഴിൽ നൈപുണ്യ പരിശീലനത്തിന്റെയും പ്രകടമായ കുറവ്, യുവാക്കൾക്കിടയിലെ ലഹരി വസ്തുക്കളുടെ സ്വാധീനം, സമ്പാദ്യ ശീലത്തിന്റെ അഭാവം എന്നിവയും ഈ മേഖലയിൽ നിലനിൽക്കുന്നുണ്ട്. സാമൂഹ്യ പ്രവർത്തനങ്ങൾ ഫലപ്രദമായ ഇടപെടലുകളിലൂടെ ഈ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് തീരദേശ ജനതയുടെ ജീവിതം മെച്ചപ്പെടുത്തുക എന്നതാണ് തീരശ്രീ പദ്ധതി വഴി കുടുംബശ്രീ ലക്ഷ്യമിടുന്നത്.

'തീരശ്രീ'പദ്ധതിയുടെ ഭാഗമായി അഞ്ചു മുതൽ പത്ത് വരെ ക്ലാസുകളിൽ പഠിക്കുന്ന ദരിദ്രരായ വിദ്യാർത്ഥികളുടെ പഠനത്തിന് സഹായകരമാകുന്ന 'പ്രതിഭാതീരം' പരിപാടിയും ഇതോടനുബന്ധിച്ച് നടപ്പാക്കും. അതത് സി.ഡി.എസിന്റെയും പഞ്ചായത്തിന്റെയും നേതൃത്വത്തിൽ എല്ലാ ദിവസവും കുട്ടികൾക്കായി സായാഹ്ന ക്ലാസുകൾ സംഘടിപ്പിക്കുക എന്നതാണ് ഈ പരിപാടി കൊണ്ട് ഉദ്ദേശിക്കുന്നത്. കൂടാതെ കുട്ടികൾ, കൗമാര പ്രായക്കാർ, യുവതീയുവാക്കൾ എന്നിവരുടെ കായിക വികാസത്തിനായി സ്പോർട്സ് കൗൺസിലിന്റെ സഹകരണത്തോടെ 'കായികതീരം' പരിപാടിയും നടപ്പാക്കും.

പ്രത്യേകമായി നിയോഗിച്ച തീരദേശ വോളണ്ടിയർമാർ മുഖേനയാണ് ഈ മേഖലയിലെ പ്രവർത്തനങ്ങൾ കുടുംബശ്രീ നടപ്പാക്കുന്നത്. ഈ വർഷം മാർച്ച് 31 വരെയുള്ള കണക്കനുസരിച്ച് 82 തീരദേശ പഞ്ചായത്തുകളിലെ 702 വാർഡുകളിലായി 12,045 അയൽക്കൂട്ടങ്ങളാണുള്ളത്. 1,81,671 പേർ ഈ അയൽക്കൂട്ടങ്ങളിൽ അംഗങ്ങളായിട്ടുണ്ട്. ആകെ 1770 സൂക്ഷ്മസംരംഭങ്ങളും സജീവമാണ്.




## സേവന മേഖലയിൽ മുന്നേറാൻ കുടുംബശ്രീ
# മൾട്ടി ടാസ്ക് ടീമുകൾ




പ്രളയാനന്തര കേരളത്തിന്റെ പുനർനിർമാണത്തിന് കരുത്തേകാൻ സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും കുടുംബശ്രീയുടെ മൾട്ടി ടാസ്ക് ടീമുകൾ വരുന്നു. ഇലക്ട്രിക്കൽ വർക്ക്, ഇലക്ട്രോണിക്സ് റിപ്പയറിങ്ങ്, പ്ളമ്പിങ്ങ്, മേസൺറി എന്നീ മേഖലകളിലാണ് കുടുംബശ്രീ മുഖേന പരിശീലനം നേടിയ സ്ത്രീകളും പുരുഷൻമാരും ഉൾപ്പെടുന്ന മൾട്ടി ടാസ്ക് ടീമുകളുടെ സേവനം ലഭ്യമാകുക. ഇവരുടെ സംസ്ഥാനതല സംഗമം കുടുംബശ്രീയുടെ നേതൃത്വത്തിൽ ജൂലൈ 26ന് തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ചു.

നിലവിൽ സ്ത്രീകളും പുരുഷൻമാരും ഉൾപ്പെടെ നാൽപ്പത്തിരണ്ടിയിരത്തിലധികം പേരാണ് എറൈസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ രണ്ടായിരത്തി അഞ്ഞൂറോളം പേർ പ്ളമ്പിങ്ങ്, ഇലക്ട്രിക്കൽ വർക്ക്, ഇലക്ട്രോണിക്സ് റിപ്പയറിങ്ങിൽ പരിശീലനം നേടി കഴിഞ്ഞു. ഇവരെ ഉൾപ്പെടുത്തി ഇപ്പോൾ സംസ്ഥാനത്താകെ.78 മൾട്ടി ടാസ്ക് ടീമുകളാണ് രൂപീകരിച്ചിട്ടുള്ളത്. ഇവർക്ക് പ്രത്യേക യൂണിഫോം നൽകി. രജിസ്റ്റർ ചെയ്ത മൾട്ടി ടാസ്ക് ടീമുകൾക്ക് റിപ്പയറിങ്ങിനായി ടൂൾകിറ്റും വാഹനം വാങ്ങാൻ പലിശ സബ്സിഡിയുമടക്കം വായ്പയും നൽകാൻ കുടുംബശ്രീ ഉദ്ദേശിക്കുന്നുണ്ട്. തൊഴിൽ മേഖലയിൽ കൂടുതൽ വൈദഗ്ധ്യം നേടുന്നതിനായി 400 മണിക്കൂർ ദൈർഘ്യമുള്ള തുടർപരിശീലനവും അടുത്ത ഘട്ടത്തിൽ ഇവർക്കായി കുടുംബശ്രീ ലഭ്യമാക്കും. ഇതിനായി കേരളത്തിലെ 16 ഗവ.ഐ.ടി.ഐ സ്ഥാപനങ്ങളുമായി ധാരണയായിട്ടുണ്ട്. ഇപ്രകാരം രൂപീകരിക്കുന്ന മൾട്ടി ടാസ്ക് ടീമുകൾക്ക് അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനും കുടുംബശ്രീ ലക്ഷ്യമിടുന്നു. കുടുംബശ്രീയുടെ കീഴിൽ രൂപീകരിക്കുന്ന മൾട്ടി ടാസ്ക് ടീം അംഗങ്ങളെ 'എറൈസ് ടെക്നീഷ്യൻ' എന്ന പേരിലാകും അറിയപ്പെടുക. ഈ വർഷം എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും കുറഞ്ഞത് ഒരു ടീമെങ്കിലും രൂപീകരിക്കുക എന്നതാണ് കുടുംബശ്രീയുടെ ലക്ഷ്യം.

പ്രളയത്തിനു ശേഷം കഴിഞ്ഞ ഒക്ടോബറിൽ നടത്തിയ ഉപജീവന സർവേയിലൂടെ ഈ മേഖലകളിൽ കൂടുതൽ അവസരങ്ങളുണ്ടെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് 50,000 പേർക്ക് പരിശീലനം നൽകി സ്വയംതൊഴിൽ സംരംഭങ്ങൾ രൂപീകരിക്കുന്ന എറൈസ് പദ്ധതി കുടുംബശ്രീ ആരംഭിച്ചത്. പ്രളയക്കെടുതികൾ മൂലം ദുരിതമനുഭവിക്കുന്നവർക്കു വേണ്ടി മെച്ചപ്പെട്ട ഉപജീവന പദ്ധതികളൊരുക്കുന്നതിന്റെ ഭാഗമായാണിത്. ആളുകളുടെ ആവശ്യാനുസരണം വീടുകളിൽ പോയി റിപ്പയർ ചെയ്തു കൊടുത്തുകൊണ്ട് മികച്ച രീതിയിലുള്ള വരുമാനം നേടാൻ കഴിയുന്നവരായി മൾട്ടി ടാസ്ക് ടീം അംഗങ്ങളെ സജ്ജമാക്കുന്നതിനാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്.

എറൈസ് സൗജന്യ തൊഴിൽ പരിശീലന പദ്ധതിയിലൂടെ പരമാവധി ആളുകൾക്ക് പരിശീലനം നൽകി അവർക്ക് മികച്ച തൊഴിലും സുസ്ഥിര വരുമാനവും ലഭ്യമാക്കുക എന്നതാണ് കുടുംബശ്രീ ലക്ഷ്യമിടുന്നതെന്ന് ശിൽപശാലയിൽ മുഖ്യപ്രഭാഷണം നടത്തിയ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ടി.കെ.ജോസ് പറഞ്ഞു.

ഇതു കൂടാതെ നിർമാണമേഖലയിൽ ഉണ്ടാകുന്ന തൊഴിലവസരങ്ങളും ഇവർക്കായി പ്രയോജനപ്പെടുത്താൻ പദ്ധതിയുണ്ട്.

കുടുംബശ്രീ പ്രോഗ്രാം ഓഫീസർ നിരഞ്ജന എൻ.എസ് സ്വാഗതം ആശംസിച്ചു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ ആമുഖ പ്രഭാഷണം നടത്തി. സ്റ്റേറ്റ് പ്രോഗ്രാം മാനേജർമാരായ ഷിബു എൻ.പി, സുചിത്ര എന്നിവർ ക്ളാസ് നയിച്ചു. ടീം അംഗങ്ങൾ, ജില്ലാ പ്രോഗ്രാം മാനേജർമാർ എന്നിവർ ഈ മേഖലയിൽ തങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ചു. മൾട്ടി ടാസ്ക് ടീമിലെ മുന്നൂറിലേറെ അംഗങ്ങൾ ശിൽപശാലയിൽ പങ്കെടുത്തു.

Printed and published by S. Harikishore IAS, Executive Director, Kudumbashree, State Poverty Eradication Mission, Government of Kerala, 2nd Floor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram - 695011, Kerala. Editor: Asha Varghese
Associate Editors: Chaithanya. G, Manjary Asok, Asha S. Panicker. Design: Arun. S, E-mail: prteamkshreeho@gmail.com